I/64651/2024

**ഭരണഭാഷ മാതൃഭാഷ**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം.
ന്യൂ ബിൽഡിംഗ്സ്,
ഉളളൂർ ലൈൻ ,ജഗതി തിരുവനന്തപുരം
ഇ-മെയിൽ- jdacad@gmail.com
ഫോൺ: 0471-2580738

**നമ്പർ: എച്ച്എസ്ഇ/9605/2024-എസിഡി എസ് പി എൽ4** **തീയതി:04-06-2024**

# സർക്കുലർ

വിഷയം: സമഗ്ര ശിക്ഷാ കേരളം- സ്റ്റാർസ് പദ്ധതി 2024-25-ഹയർ സെക്കൻ്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി (നോൺ വൊക്കേഷണൽ അധ്യാപകർക്ക്) അധ്യാപക സംഗമം - കൈറ്റ് ടി.എം.എസ് പോർട്ടലിൽ ഉപയോഗിക്കുന്നത്- സംബന്ധിച്ച്

സൂചന: 30/05/2024 തീയതിയിലെ പി 3/4000/2024/എസ്.എസ് .കെ നമ്പർ കത്ത്

മേൽ സൂചന പ്രകാരം സമഗ്ര ശിക്ഷാ കേരളം ലഭ്യമാക്കിയ ഹയർസെക്കൻ്ററി, വൊക്കേഷണൽ ഹയർസെക്കന്ററി (നോൺ വൊക്കേഷണൽ) അധ്യാപക സംഗമവുമായി ബന്ധപ്പെട്ട നിർദേശങ്ങൾപ്രിൻസിപ്പൽമാരുടെയും ആർ ഡി ഡി മാരുടെയും അറിവിലേക്കും തുടർനടപടികൾക്കുമായി ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

Signed by
R Sureshkumar
Date: 04-06-2024 17:15:40

**ജോയിന്റ് ഡയറക്ടർ**
**(അക്കാദമിക്ക്)**

I/64651/2024

समग्र शिक्षा केरल
Samagra Shiksha Kerala
സമഗ്ര ശിക്ഷാ കേരളം

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ കാര്യാലയം
സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ.)
എസ്.എസ്.എ.ഭവൻ, നന്ദാവനം, തിരുവനന്തപുരം - 695 033
ഫോൺ : 0471 2320826, 2320352. ഫാക്സ് : 2320703.
ഇ-മെയിൽ : ssakerala@gmail.com.

നം. പി.3/4000/2024/എസ്.എസ്.കെ                                        തീയതി- 30/5/2024

പ്രേഷക

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ
സമഗ്ര ശിക്ഷാ കേരളം.

സ്വീകർത്താവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സർ,

വിഷയം:- സമഗ്ര ശിക്ഷാ കേരളം- സ്റ്റാർസ് പദ്ധതി 2024-25-ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി (നോൺ വൊക്കേഷണൽ അധ്യാപകർക്ക്) അധ്യാപക സംഗമം - കൈറ്റ് ടി.എം.എസ് പോർട്ടലിൽ ഉപയോഗിക്കുന്നത്- സംബന്ധിച്ച് .

സൂചന:- 1) 16.04.2024 ന് ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം
2) 25.4.2024 ലെ പി.3/4000/2024/എസ്.എസ്.കെ നമ്പർ കത്ത്
3) 27.4.2024 ലെ കൈറ്റ്/2024/1234 (17) നമ്പർ കത്ത്
4) 02.05.2024 ന് ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം

സൂചന (1) പ്രകാരം 2024-25 സമഗ്ര ശിക്ഷാ കേരളം സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലെ അധ്യാപകർക്ക് അവധിക്കാല അധ്യാപക സംഗമം 2024 മെയ് 13 മുതൽ മെയ് 25 വരെ തീയതികളിലായി സംഘടിപ്പിച്ചിട്ടുണ്ട്. ടി പരിശീലനങ്ങളിൽ അധ്യാപക രജിസ്ട്രേഷൻ കൈറ്റിന്റെ ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റം മുഖേന സമഗ്ര ശിക്ഷാ കേരളം - സ്റ്റാർസ് പദ്ധതിയുമായി ബന്ധപ്പെട്ട് നൽകേണ്ട വിശദാംശങ്ങൾ ഉൾപ്പെടുന്ന തരത്തിൽ സൂചന (2), (3) പ്രകാരം ടി.എം.എസ് പോർട്ടലിൽ മാറ്റം വരുത്തിക്കൊണ്ട് സംഘടിപ്പിക്കാനായി സാധിച്ചു.

കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി സെക്കന്ററിതലം വരെ സംഘടിപ്പിച്ച അധ്യാപക സംഗമങ്ങുടെ തുടർച്ചയായി 2024-25 അക്കാദമിക വർഷാരംഭത്തിൽ തന്നെ ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി (നോൺ വൊക്കേഷണൽ അധ്യാപകർക്ക്) വിഭാഗം അധ്യാപകരുടേയും അധ്യാപക സംഗമം സംഘടിപ്പിക്കുന്നതിന് സൂചന (4) പ്രകാരം സമഗ്ര ശിക്ഷാ കേരളത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന എസ്.ആർ.ജി ശാക്തീകരണത്തെ തുടർന്ന് അധ്യാപക സംഗമം 2024 ജൂൺ 5 മുതൽ നാല് ദിവസത്തെ നോൺ റസിഡൻഷ്യൽ അധ്യാപക സംഗമങ്ങൾ 14 ബാച്ചുകളായിട്ടുള്ള വിഷയങ്ങളിൽ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത അധ്യാപക സംഗമങ്ങളുടെ രജിസ്ട്രേഷൻ സംബന്ധമായി ചുവടെ പറയുന്ന നിർദേശങ്ങൾ സമഗ്ര ശിക്ഷാ കേരളം ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്ക് നൽകിയിട്ടുണ്ട്.

1. ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി അധ്യാപക സംഗമങ്ങൾ വിദ്യാഭ്യാസ ജില്ല അടിസ്ഥാനത്തിൽ ആണ് സംഘടിപ്പിക്കേണ്ടത്.

2. ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി അധ്യാപക സംഗമം ബാച്ചിൽ 40 മുതൽ 60 വരെ പങ്കാളികളും പരമാവധി 3 ആർ.പിമാരുമാണ് ഉണ്ടാവുന്നത്. ആകെ പങ്കാളികളുടെ എണ്ണം കണക്കിൽ എടുക്കുമ്പോൾ പരിശീലന ഗുണതയെ ബാധിക്കാത്ത തരത്തിൽ ബാച്ചുകളിൽ പങ്കാളികളുടെ എണ്ണം ജില്ലകൾക്ക് ക്രമീകരിക്കാൻ കഴിയേണ്ടതാണ്.

bo

3. വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെടുന്ന ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാലയങ്ങളിലെ അപ്രൂവൽ ലഭിച്ച മുഴുവൻ അധ്യാപകരും വിദ്യാഭ്യാസ ജില്ലയിലെ അതാത് വിഷയങ്ങളുടെ പരിശീലന കേന്ദ്രങ്ങളിൽ സ്കൂൾ കോഡ് പ്രകാരം നിശ്ചയിച്ചിട്ടുള്ള തീയതികളിൽ പങ്കെടുക്കുന്നതാണ്.

4. ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാലയങ്ങളിലെ അപ്രൂവൽ ലഭിക്കാത്ത അധ്യാപകരെയും ദിവസ വേതനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന അധ്യാപകരെയും പ്രസ്തുത വിഷയ ബാച്ചുകളിൽ പങ്കെടുപ്പിക്കുന്നതാണ്.

5. സംസ്ഥാന സിലബസ് അനുസരിച്ച് ഹയർ സെക്കന്ററി പഠനം നടക്കുന്ന അംഗീകാരമുള്ള അൺ എയിഡഡ് വിദ്യാലയങ്ങളിലെ അധ്യാപകരെയും പങ്കെടുപ്പിക്കു ന്നതാണ്. എന്നാൽ ഇവർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകാൻ കഴിയുന്നതല്ല.

6. വിദ്യാഭ്യാസ -ജില്ലാ അടിസ്ഥാനത്തിൽ പങ്കെടുപ്പിക്കാനുള്ള എണ്ണം അധ്യാപകർ ഇല്ലാത്ത വിഷയങ്ങളിൽ ജില്ലാ അടിസ്ഥാനത്തിലാണ് ബാച്ചുകൾ ക്രമീകരിക്കേണ്ടതായി വരുന്നത്.

7. കൈറ്റ് ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റം മുഖേനയാണ് ഡി.ഇ.ഒ/ജില്ലാതലത്തിൽ ബാച്ച് ക്രിയേറ്റ് ചെയ്യുന്നതും അധ്യാപകരുടെ രജിസ്ട്രേഷൻ നടപടികൾ, അക്വിറ്റൻസ്, അറ്റൻഡസ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്നതും. ഇതിനായി അധ്യാപകരുടെ പെൻ നമ്പർ, ബാങ്ക് അക്കൗണ്ട് ഡീറ്റയിൽസ് ഉൾപ്പടെയുള്ള വിവരങ്ങൾ കൃത്യമായും ടി.എം.എസിൽ രേഖപെടുത്തിയിട്ടുണ്ടായിരിക്കണം.

8. ഡി.ഇ.ഒ.തലത്തിൽ ബാച്ചുകൾ ക്രിയേറ്റ് ചെയ്യുന്നതിനായി കൈറ്റ് ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ എച്ച്.എസ്.എസ് ലോഗിനിലൂടെ ഇപ്പോൾ സേവനം അനുഷ്ഠിക്കുന്ന മുഴുവൻ അധ്യാപകരുടെയും (അപ്രൂവൽ ലഭിച്ചവർ, അപ്രൂവൽ ലഭിക്കാനുള്ളവർ, ദിവസവേതനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവർ) വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിന് എച്ച്.എസ്.എസ്/വി.എച്ച്.എസ്.എസ് പ്രിൻസിപ്പൽമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

ആയതിനാൽ ടി.എം.എസ് മുഖേന രജിസ്ട്രേഷൻ നടത്തുന്നതിനായി പ്രസ്തുത സൗകര്യങ്ങൾ കൈറ്റ് ടി.എം.എസ് പോർട്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് താല്പര്യപ്പെടുന്നു.

1. എച്ച്.എസ്.എസ്., വി.എച്ച്.എസ്.എസ് നോൺവൊക്കേഷണൽ അധ്യാപകരുടെ പൂർണ്ണ വിവരം ടി.എം.എസ് ൽ ലഭ്യമാക്കണം.
2. എച്ച്.എസ്.എസ്., വി.എച്ച്.എസ്.എസ് നോൺവൊക്കേഷണൽ അധ്യാപക സംഗമം ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള വിഷയ ബാച്ചുകൾ ബി.ആർ.സി.കളിൽ ക്രിയേറ്റ് ചെയ്യുന്നതിനും ലോഗിൻ ചെയ്ത് അധ്യാപകരുടെയും ആർ.പി.മാരുടെയും രജിസ്ട്രേഷൻ ഫോർമാറ്റ്, അക്വിറ്റൻസ്, അറ്റൻഡൻസ് സർട്ടിഫിക്കറ്റ്, എന്നിവ ഡൗൺലോഡ് ചെയ്യാൻ സാധ്യമാക്കേണ്ടതാണ്.
3. അധ്യാപകരുടെ വിവരങ്ങൾ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്, അൺ അപ്രൂവ്ഡ്, ദിവസ വേതനക്കാർ എന്ന തരത്തിൽ വേർതിരിച്ച് ലഭ്യമാക്കുന്നതിന് സാധ്യമാകേണ്ടതാണ്.

ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി (നോൺ വൊക്കേഷണൽ അധ്യാപകർക്ക്) അധ്യാപക സംഗമവുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞിട്ടുള്ള വസ്തുകൾ അങ്ങയുടെ അറിവിലേക്കും തുടർ നടപടികൾക്കുമായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്കുവേണ്ടി

പകർപ്പ് - ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

കൈറ്റ്

ഹ